(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പ്രൊഫസർ സി. കെ. മൂസത്, തൈക്കാട്, തിരുവനന്തപുരം എന്ന് റിട്ടയർ ചെയ്തു;

(ബി) ശ്രീ. സി. കെ. മൂസത് അദ്ദേഹത്തിന്റെ സേവന കാലത്തെ ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും കിട്ടുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നുവോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-7-1977-ൽ 55 വയസ് തികഞ്ഞു. അതിനുശേഷം പ്രത്യേക അനുമതിയോടുകൂടി മൂന്നു കൊല്ലക്കാലം അതായത് 30-6-1980 വരെ തുടരാനനുവദിച്ചിരുന്നു. 30-6-1980-ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പിരിഞ്ഞു.

(ബി) സമർപ്പിച്ചിരുന്നു.

(സി) 55 വയസ് വരെയുള്ള ഇൻസ്റ്റിറ്റ്യൂട്ടിലെ അർഹമായ ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് തുകകൾ അനുവദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മൂന്നു വർഷത്തെ റീ എംപ്ലോയ്മെന്റ്. കാലത്തെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും എങ്ങിനെ നിശ്ചയിക്കണമെന്നുള്ള കാര്യം പരിശോധിച്ചു വരുന്നു.

കൃഷിവകുപ്പിൽ ജൂനിയർ സയൻറിഫിക് അസിസ്റ്റൻറുമാരുടെ തസ്തികകൾ

919 [1691] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൃഷി വകുപ്പിൽ ജൂനിയർ സയൻറിഫിക് അസിസ്റ്റൻറുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഒഴിവുകൾ നികത്താൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ 21-5-1981-ന് പ്രാബല്യത്തിൽ വരത്തക്കവണ്ണം ഉദ്യോഗാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ, ആരെയെല്ലാം നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ; ഈ ലിസ്റ്റിൽ ഇനി നിയമനം ലഭിക്കുവാൻ എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ശ്രീ. വി. ആർ. പ്രഭാകരൻ എസ്./ഒ. പി. രാമൻ നായർ, കൽമണ്ഡപം, പാലക്കാട്, റാങ്ക് ലിസ്റ്റിൽ എത്രാമനാണ്;

(ഡി) ഒരു വികലാംഗനും, പിന്നോക്ക സമുദായക്കാരനും ആയ ശ്രീ. പ്രഭാകരന് മുൻഗണന കൊടുത്തു നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9 (ഒൻപത്)

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൂനിയർ സയൻറിഫിക് അസിസ്റ്റൻറുമാരുടെ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് തെരഞ്ഞെടുത്തവരുടെ റാങ്ക് ലിസ്റ്റ് 21-2-1981-ൽ പി. എസ്. സി. പ്രസിദ്ധപ്പെടുത്തി. പ്രസ്തുത ലിസ്റ്റിൽ നിന്ന് ഏഴു പേരെ സംവരണ തത്വം കണക്കിലെടുത്ത് നിയമനത്തിനായി പി. എസ്. സി. ശുപാർശ ചെയ്തതനുസരിച്ച് നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ഇനി നിയമനം ലഭിക്കുവാൻ ജനറൽ ലിസ്റ്റിൽ 37 പേരും, സപ്ലിമെൻററി ലിസ്റ്റിൽ 6 പേരും ബാക്കിയുണ്ട്.

(സി) ശ്രീ. വി. ആർ. പ്രഭാകരന് റാങ്ക് ലിസ്റ്റിൽ എട്ടാമത്തെ റാങ്ക് ലഭിച്ചിട്ടുണ്ട്.

(ഡി) വേക്കൻസി റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് പി. എസ്. സി. ആണ് ഡിപ്പാർട്ടുമെൻറിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. വികലാംഗർക്ക് അനുവദിച്ചിട്ടുള്ള മുൻഗണന നൽകി ആണ് ശ്രീ. പ്രഭാകരനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നേരിട്ടുള്ള നിയമനത്തിനു ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഡൽഹിയിലുള്ള സ്പെഷ്യൽ റെപ്രസൻേറഷൻ

920 [1692] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള സ്പെഷ്യൽ റെപ്രസൻേറഷൻ ഏതു മന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്;

(ബി) അദ്ദേഹത്തിന് ഡൽഹിയിലുള്ള കേരളാ ഹൗസിൻെറ രേഖാചിത്രമുൾപ്പെടെ ഉണ്ടോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

കേരളത്തിലെ പത്രമാസികകൾ

921 [1693] ശ്രീ. ഇ. രമേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ദിനപ്പത്രങ്ങളും വാരികകളും ദൈവാരികകളും മാസികകളും ഉണ്ട്;

(ബി) ഏറ്റവും കൂടുതൽ പ്രതികൾ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രം ഏത്;

(സി) ഏറ്റവും കുറച്ച് പ്രതികൾ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രം ഏത്?

ഉത്തരം

(എ) പ്രസ് രജിസ്ട്രാർ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് അനുസരിച്ച് 72 ദിനപ്പത്രങ്ങളും 78 വാരികകളും 44 ദൈവാരികകളും 331 മാസികകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly